A2-293/2017

O/o സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നം.1,
കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ്,
സിവിൽ സ്റ്റേഷൻ, കാക്കനാട്,
തീയതി.13.04.2018

പ്രേഷിതൻ

സ്പെഷ്യൽ തഹസിൽദാർ (എൽ എ) നം.1,
കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ്,
സിവിൽ സ്റ്റേഷൻ, കാക്കനാട്

സ്വീകർത്താവ്

ജില്ലാ ഇൻഫോമാറ്റിക്സ് ഓഫീസർ
എൻ.ഐ.സി, എറണാകുളം

സർ,

വിഷയം – കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ് – LARR Act-2013 തൈക്കൂടം സബ് സ്റ്റേഷൻ – പ്രഖ്യാപനം - നോട്ടീസ് ബോർഡിൽ – പ്രസിദ്ധപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന - 09.04.2018 ലെ സി11-875/2016 നമ്പർ പ്രഖ്യാപനം

************

കൊച്ചി മെട്രോ തൈക്കൂടം സബ് സ്റ്റേഷൻ നിർമ്മാണത്തിന് പൂണിത്തുറ വില്ലേജ് ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ LARR Act-2013 വകുപ്പ് 19 പ്രകാരമുള്ള കരട് പ്രഖ്യാപനം ജില്ലാ കളക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം ഉൾപ്പെടുത്തുന്നു. വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തി സാക്ഷ്യപത്രം നൽകണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

13/4/18

സ്പെഷ്യൽ തഹസിൽദാർ (എൽ എ) നം.1,
കൊച്ചി മെട്രോ റെയിൽ പ്രോജക്റ്റ്

Scanned by CamScanner

**ഫോറം നമ്പർ 10**
**ചട്ടം 21(16)**

സി11-875/16

(ആക്ടിലെ സെക്ഷൻ 19 പ്രകാരമുള്ള പ്രഖ്യാപനത്തിനുള്ള ഫോറം)

**പ്രഖ്യാപനം**

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുള്ള അവകാശ ആക്ട് (2013 ലെ 30-ാം നമ്പർ ആക്ട്) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 17//06/2017 തീയതിയിലെ 1223-ാം നമ്പർ കേരള ഗസറ്റ്, 01/08/2017 തീയതിയിലെ ദേശാഭിമാനി, 01/08/2017 ലെ കേരള കൗമുദി എന്നീ ദിനപത്രങ്ങളിലും, ബന്ധപ്പെട്ട ഓഫീസുകളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതിനാലും,

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ 30-ാം നമ്പർ കേന്ദ്ര ആക്ട്) 15-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു കാര്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക് എടുക്കേണ്ടതാണെന്ന് (സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം) ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും,

ഇപ്പോൾ അതിനാൽ ആക്ട് 19-ാം വകുപ്പ് പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.7346 ഹെക്ടർ അല്ലെങ്കിൽ അതിൽ കൂടുതലോ അല്പം കൂടുതലോ, കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ തൈക്കൂടം സബ്സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ എ) നമ്പർ 1 കൊച്ചി മെട്രോ റെയിൽ പ്രോജക്ട് എറണാകുളം, കാക്കനാട് എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ(എൽ എ) നമ്പർ 1 കൊച്ചി മെട്രോ റെയിൽ പ്രോജക്ട് എറണാകുളം, കാക്കനാട് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതാണ്.

Scanned by CamScanner

പട്ടിക

ജില്ല - എറണാകുളം

താലൂക്ക് - കണയന്നൂർ

വില്ലേജ് - പൂണിത്തുറ

(ഏകദേശം വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | | വിസ്തീർണം (ഹെക്ടർ. ചമീ) | ഉടമസ്ഥർ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|---|
| | | അടിസ്ഥാന നികുതി രജിസ്റ്റർ പ്രകാരം | നിലവിലെ സ്ഥിതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| 1 | 1187/1 | പുരയിടം | പുരയിടം | 0.1619 | ടി.വി.നാരായണൻ സുധ രൂപ മുല്ലശ്ശേരി മഠം | തൈക്കൂടം സബ് സ്റ്റേഷൻ നിർമ്മാണം | തൈക്കൂടം സബ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച സ്ഥലമെടുപ്പ് |
| 2 | 1189/1-3 | പുരയിടം | പുരയിടം | 0.4066 | | | |
| 3 | 1191/2 | നിലം | പുരയിടം | 0.0981 | ലക്ഷ്മി തട്ടേക്കാട് റോഡ് എറണാകുളം | | |
| 4 | 1191/3 | പുരയിടം | പുരയിടം | 0.0013 | | | |
| 5 | 1191/5 | നിലം | പുരയിടം | 0.0360 | | | |
| 6 | 1191/2-7 | പുരയിടം | പുരയിടം | 0.0069 | | | |
| 7 | 1191/3-9-18 | പുരയിടം | പുരയിടം | 0.0238 | | | |
| | | | ആകെ | 0.7346 | | | |

9, 4/14

ജില്ലാ കളക്ടർ
എറണാകുളം

Scanned by CamScanner